പ്രഫ. ഖുർശിദ് അഹ്മദ്

# ഹസനുൽ ബന്നായും ഇസ്‌ലാമിക നവോത്ഥാനവും - 2

**ഇഖ്‌വാന്** പല തവണ മർദന പീഡനങ്ങളുടെ പരീക്ഷണഘട്ടം തരണം ചെയ്യേണ്ടിവന്നു. നീതിയും നിയമവും കുരുതി കഴിച്ച് അധികാരത്തിൽ അനധികൃതമായി പിടിമുറുക്കി നാട്ടുകാരുടെ രക്തം ചിന്തിയവർതന്നെ ഇഖ്‌വാനുമേൽ ഹിംസയും ആക്രമണോത്സുകതയും ആരോപിക്കുന്ന അപഹാസ്യമായ വൈരുധ്യവുമുണ്ടായി. പക്ഷേ, ഭരണകൂടങ്ങളെ മറിച്ചിടാൻ ഇഖ്‌വാൻ ശക്തിപ്രയോഗിക്കുകയോ അണ്ടർ ഗ്രൗണ്ട് മാർഗങ്ങൾ അവലംബിക്കുകയോ ചെയ്തിട്ടില്ലെന്നത് ചരിത്ര വസ്തുതയാണ്. 1938-ലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ അഞ്ചാം സമ്മേളനത്തിൽ നടത്തിയ പ്രസിദ്ധമായ പ്രസംഗത്തിൽ ഇമാം ഹസനുൽ ബന്നാ ഇപ്രകാരം പറയുകയുണ്ടായി: "ശക്തിയുടെ മുൻഗണനാക്രമം എന്താണെന്ന് ഇഖ്‌വാന് അറിയാം. അതിൽ ആദ്യത്തേത് ആദർശത്തിന്റെയും വിശ്വാസത്തിന്റെയും ശക്തി നേടലാണ്. അതിനുശേഷം ഐക്യത്തിന്റെയും പരസ്പര ബന്ധത്തിന്റെയും ശക്തിയാർജിക്കൽ. ഇതു രണ്ടിനും ശേഷമാണ് അധികാരത്തിന്റെ കാര്യം വരുന്നത്...... സായുധ വിപ്ലവത്തെ കുറിച്ച് ചിന്തിക്കാൻ പോലും ഇഖ്‌വാൻ ആഗ്രഹിക്കുന്നില്ല...... പക്ഷേ, അവസ്ഥകൾ ഇങ്ങനെത്തന്നെ തുടരുകയും ഭരണാധികാരികൾ പരിഹാരത്തെക്കുറിച്ച് ചിന്തിക്കാതിരിക്കുകയുമാണെങ്കിൽ അതിന്റെ അനിവാര്യഫലം സായുധ വിപ്ലവത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും. പക്ഷേ, അതിലൊരിക്കലും ഇഖ്‌വാന് പങ്കുണ്ടായിരിക്കുകയില്ല...... ജനജീവിതത്തിന്റെ മുഴുവൻ അധികാരങ്ങളും കൈയടക്കിയ വിഭാഗങ്ങൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട സാഹചര്യത്തെക്കുറിച്ചും നന്നായി മനസ്സിലാക്കേണ്ടതുണ്ട്."

ജമാഅത്തെ ഇസ്‌ലാമിയുടെ സുചിന്തിതമായ നിലപാടും ഇതുതന്നെയാണ്. 1963-ൽ മക്കയിലെ മസ്ജിദ് ഇബ്റാഹീമിൽ അറബ് യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കവെ മൗലാനാ മൗദൂദി പറഞ്ഞു: "ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരോട് എനിക്ക് അവസാനമായി ഉപദേശിക്കാനുള്ളത്, അവർ രഹസ്യ സംഘടനകളുണ്ടാക്കി പ്രവർത്തിക്കരുതെന്നും സായുധ വിപ്ലവത്തിന് മുതിരരുതെന്നുമാണ്. ഇതും അക്ഷമയുടെയും അനവധാനതയുടെയും ഒരു രൂപമാണ്. മാത്രമല്ല, പരിണതികൾ കണക്കിലെടുക്കുമ്പോൾ മറ്റു രൂപങ്ങളേക്കാൾ കൂടുതൽ നാശകരവുമാണത്. ശരിയായ വിപ്ലവം എപ്പോഴും ബഹുജന മുന്നേറ്റത്തിലൂടെയാണ് സംഭവിക്കുക. പരസ്യമായും വ്യാപകമായും പ്രബോധനം നിർവഹിക്കുക, ജനങ്ങളുടെ ചിന്തയിലും ബുദ്ധിയിലും സമൂലമായ മാറ്റം വരുത്തുക, ആ മാർഗത്തിൽ എന്തെല്ലാം ദുരിതങ്ങളും അപകടങ്ങളും മുന്നിൽ വരുന്നുവോ അവയെ മുഴുവൻ സധൈര്യം നേരിടുക. ഇപ്രകാരം പടിപടിയായി സംഭവിക്കുന്ന വിപ്ലവം പ്രതിയോഗികളുടെ കൊടുങ്കാറ്റിനാൽ തുടച്ചുനീക്കാൻ കഴിയാത്തവിധം ഭദ്രവും ശക്തവുമായിരിക്കും. അവധാനപൂർണമല്ലാത്ത പ്രവർത്തനങ്ങളിലൂടെ ഏതെങ്കിലും വിപ്ലവം നടക്കുന്നുവെങ്കിൽ ഏതു മാർഗേണയാണോ അത് അരങ്ങേറിയത് അതേ രീതിയിൽ തന്നെ അതിന് അന്ത്യം കുറിക്കപ്പെടാനും സാധ്യതയുണ്ട്."

മൗലാനാ മൗദൂദി 1956-ൽ ആണ് ആദ്യമായി അറബ് രാജ്യങ്ങൾ സന്ദർശിച്ചത്. മൗലാനാ മസ്ഊദ് ആലം നദ്‌വി 1949-ൽ തന്നെ അവിടെ പര്യടനം നടത്തിയിരുന്നു. തന്റെ യാത്രാവിവരണത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി: "ആർക്കെങ്കിലും ഇഖ്‌വാനുമായി ബന്ധമുണ്ടെന്ന് നേരിയ സംശയം മതി. ഉടനെ അയാളെ അറസ്റ്റു ചെയ്യുകയായി. ഇസ്‌ലാമിന്റെയും ഈജിപ്തിന്റെയും ശത്രുക്കൾ കയ്റോയിലെ തെരുവുകളിലൂടെ പട്ടാളക്കാരുടെയും പോലീസുകാരുടെയും മുമ്പിലൂടെ വിലസി നടക്കുന്നു. അവർക്കെതിരെ ഈജിപ്ഷ്യൻ ഗവൺമെന്റ് യാതൊരു നടപടിയുമെടുക്കുന്നില്ലെന്നത് ആശ്ചര്യകരം തന്നെ. ഗവൺമെന്റിന്റെ രോഷവും പകയും മുഴുവൻ ഇസ്‌ലാമിക പ്രബോധകരോടാണ്." പാകിസ്താനിൽ മടങ്ങിയെത്തിയ ശേഷം വിവിധ തർബിയത്ത് പരിപാടികളിൽ ഇഖ്‌വാനുമായുള്ള ആദർശബന്ധത്തെ കുറിച്ചും ഇഖ്‌വാനികൾക്കിടയിലുള്ള പരസ്പര ബന്ധത്തെയും സ്നേഹത്തെയും കുറിച്ചും മൗലാനാ മസ്ഊദ് ആലം നദ്‌വി വാചാലമാകുമായിരുന്നു. പിന്നീട് ഒരിക്കൽ മൗലാനാ മൗദൂദി തന്നെ പറഞ്ഞു: "ചിന്താപരമായി നാം എന്തു കർമമാണോ ചെയ്തുകൊണ്ടിരിക്കുന്നത് അതുതന്നെയാണ് ഇഖ്‌വാനും ചെയ്യുന്നത്. മൗലിക വീക്ഷണത്തിൽ നമുക്കിടയിൽ യാതൊരു പ്രശ്നവുമില്ല."

### ഹസനുൽ ബന്നായുടെ സഹചാരികൾ

ഈജിപ്ഷ്യൻ ഭരണകൂടം ഇഖ്‌വാന് നിരോധനമേർപ്പെടുത്തിയപ്പോൾ ശഹീദ് അബ്ദുൽഖാദിർ ഔദ (1906-1954) ഹൈക്കോടതി ജഡ്ജിയായിരുന്നു. നിരോധനത്തെ ചോദ്യം ചെയ്തുള്ള കേസ് കോടതിക്കുമുമ്പിൽ വന്നപ്പോൾ കോടതി ഇഖ്‌വാന് അനുകൂലമായി വിധി പുറപ്പെടുവിച്ചു. ആ കോടതിയിലെ ജഡ്ജിയായിരുന്നു അബ്ദുൽഖാദിർ ഔദ. 'ചരിത്രം എന്നെ ഇഖ്‌വാനുമേൽ വിധികർത്താവ്(ജഡ്ജി)ആക്കി. ഒടുവിൽ ഞാൻ ഒരു ഇഖ്‌വാനി തന്നെയായി മാറി' എന്ന് ഇതേക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇഖ്‌വാനിൽ ചേർന്ന ശേഷമാണ് അദ്ദേഹം *അത്തശ്‌രീഉൽ ജിനാഇ ഫിൽ ഇസ്‌ലാം* എന്ന പ്രസിദ്ധ ഗ്രന്ഥം രചിച്ചത്.

ഞാൻ കറാച്ചി യൂനിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്രവിഭാഗത്തിൽ പഠിക്കുന്ന കാലത്ത് സയ്യിദ് ഖുത്ബ് ഞങ്ങളുടെയെല്ലാം ഹീറോ ആയിരുന്നു. സയ്യിദ് ഖുത്ബിനെയും എനിക്ക് കാണാൻ കഴിഞ്ഞില്ലെന്ന ദുഃഖം അവശേഷിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ

ജീവസ്സുറ്റ രചനകൾ പൂർണമായും പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി. സത്യമാർഗത്തിലുള്ള അദ്ദേഹത്തിന്റെ അചഞ്ചലത ഞങ്ങളുടെ തലമുറയെ മുഴുവൻ ഹഠാദാകർഷിച്ചു. സയ്യിദ് ഖുത്ബിനെ തടവിലിട്ട ശേഷം അദ്ദേഹത്തിന്റെ കേസ് വാദിക്കാൻ വക്കീലിനെ പോലും അനുവദിക്കുകയുണ്ടായില്ല. സുഡാനിൽനിന്ന് എത്തിയ രണ്ട് ജൂനിയർ വക്കീലുമാരെ ഈജിപ്തിൽനിന്ന് പുറത്താക്കുകയായിരുന്നു. അങ്ങനെ സയ്യിദ് ഖുത്ബ് സ്വയം തന്നെ ധീരതയോടെ തന്റെ കേസ് നേരിട്ടു. ഒടുവിൽ 1966 ആഗസ്റ്റ് 29-ന് ഖുർആൻ വ്യാഖ്യാതാവും ഇസ്‌ലാമിക ചിന്തകനും സാഹിത്യകാരനും ബുദ്ധിജീവിയുമായ ആ വിപ്ലവകാരിയെയും ഏകാധിപത്യ ഭരണകൂടം തൂക്കിലേറ്റി.

ഇഖ്‌വാൻ നേതാക്കളിൽ എനിക്ക് ഏറ്റവും കൂടുതൽ ബന്ധമുണ്ടായിരുന്നത് ഉസ്താദ് മുസ്ത്വഫാ മശ്ഹൂറുമായായിരുന്നു. അദ്ദേഹം പല തവണ പാകിസ്താൻ സന്ദർശിച്ചിട്ടുണ്ട്. തുർക്കി, ഈജിപ്ത്, ബ്രിട്ടൻ, ജർമനി എന്നിവിടങ്ങളിൽ വെച്ചും അദ്ദേഹവുമായി ഞാൻ കൂടിക്കാഴ്ച നടത്തുകയുണ്ടായി. പ്രബോധനപ്രവർത്തനങ്ങളെ കുറിച്ച ആശയവിനിമയത്തിനായി ഒരു കൂടിയാലോചനാ വേദി രൂപവൽക്കരിക്കാൻ ഞങ്ങൾ ശ്രമിച്ചു. അദ്ദേഹമായിരുന്നു അതിന്റെ അധ്യക്ഷൻ. ഞാൻ അദ്ദേഹത്തിന്റെ അസിസ്റ്റന്റും. ഹസനുൽ ബന്നായുടെ കാലത്ത് മുസ്ത്വഫാ മശ്ഹൂറായിരുന്നു യുവജന വിഭാഗം നേതാവ്. മഅ്മൂനുൽ ഹുദൈബിയുമായും ഈജിപ്തിൽ വെച്ചും യൂറോപ്പിൽവെച്ചും ആശയവിനിമയത്തിന് അവസരം ലഭിക്കുകയുണ്ടായി. ചർച്ചകളിൽ ഏറെയും പരസ്പര യോജിപ്പിന്റേതും പരസ്പരം മനസ്സിലാക്കലിന്റേതുമായിരുന്നു. അതോടൊപ്പം നയപരമായ കാര്യങ്ങളിലുള്ള മുൻഗണനാക്രമങ്ങളിൽ ചില അഭിപ്രായ വ്യത്യാസങ്ങളുമുണ്ടായിരുന്നു. ചിന്താരംഗത്ത് ജമാഅത്ത് ഇഖ്‌വാനേക്കാൾ മുന്നിലാണെന്നായിരുന്നു ഇഖ്‌വാൻ നേതാക്കളുടെ വിലയിരുത്തൽ.

### അഭിപ്രായ വ്യത്യാസം

പാകിസ്താനിൽ ഇഖ്‌വാനുമായി നേരിട്ടു ബന്ധമുള്ള അതിന്റെ ഒരു ഘടകം രൂപവൽക്കരിക്കാൻ സഈദ് റമദാന് താൽപര്യമുണ്ടായിരുന്നു. അതിനായി 'അൽ അഹ്ബാബ്' എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കാൻ അദ്ദേഹം ശ്രമിക്കുകയും ചെയ്തു. അദ്ദേഹം പാകിസ്താനിൽ കഴിച്ചുകൂട്ടിയ കാലത്തായിരുന്നു അത്. ചൗധരി ഗുലാം മുഹമ്മദും ഞാനുമടക്കമുള്ള ഇസ്‌ലാമീ ജംഇയ്യത്തു ത്വുലബയിലെ സുഹൃത്തുക്കൾ അദ്ദേഹവുമായി ഇക്കാര്യത്തെക്കുറിച്ച് വിശദമായി സംസാരിച്ചു. ഇത്തരമൊരു സമാന്തര സംഘടന സ്ഥാപിക്കുന്നത് ലക്ഷ്യം നേടാൻ സഹായകമായിരിക്കുകയില്ലെന്ന് അദ്ദേഹത്തെ ധരിപ്പിച്ചു. ഞങ്ങളുടെ ഈ അഭിപ്രായവ്യത്യാസം അടിസ്ഥാന തത്ത്വങ്ങളിൽ ആയിരുന്നില്ല; നയനിലപാടുകളിലായിരുന്നു.

വിവിധ രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രവർത്തകർ ഒന്നിച്ച് ആഗോളാടിസ്ഥാനത്തിൽ ഒരു സംയുക്ത സംഘടനക്ക് രൂപം നൽകണമെന്ന ആവശ്യം ഇഖ്‌വാന്റെ ഭാഗത്തുനിന്ന് നിരന്തരം ഉയരുകയുണ്ടായി. പക്ഷേ, ഞങ്ങൾ ഈ നിർദേശത്തെ പിന്തുണച്ചില്ല. ആവശ്യാനുസരണം പരസ്പരം ആശയ വിനിമയം നടത്താമെങ്കിലും നിലവിലുള്ള സാഹചര്യത്തിൽ അതിനപ്പുറം പോകാതിരിക്കുകയാണ് നല്ലതെന്ന് അവരോട് പറഞ്ഞു. അതിന് രണ്ടു കാരണമുണ്ട്: ഒന്ന്, ചില ക്ഷേമ പദ്ധതികളിൽ പരസ്പരം സഹകരിക്കുന്നത് ഗുണകരമായേക്കാമെങ്കിലും അതിലപ്പുറമുള്ള ബന്ധം നിലവിലുള്ള ആഗോള സാഹചര്യത്തിൽ, മുസ്‌ലിം രാജ്യങ്ങളിലെ രാഷ്ട്രീയാവസ്ഥയിൽ വിശേഷിച്ചും പ്രയോജനരഹിതമാണെന്നു മാത്രമല്ല അസാധ്യവുമാണ്. വിവിധ മുസ്‌ലിം രാജ്യങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നതും അവക്കെതിരെ ഭരണകൂടങ്ങൾ ശക്തിപ്രയോഗിച്ചുകൊണ്ടിരിക്കുന്നതുമാണ് മറ്റൊരു കാരണം. ചില രാജ്യങ്ങളിൽ അൽപം ഉദാര സമീപനമുണ്ടെന്നതു ശരി തന്നെ. എന്നാൽ ഒരു ആഗോള സംയുക്ത സംഘടന രൂപവത്കരിക്കുകയാണെങ്കിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ അത് പ്രശ്നമാവുകയും ഭരണാധികാരികൾക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ കൂടുതൽ ശക്തി പ്രയോഗിക്കാൻ അത് അവസരമേകുകയും ചെയ്യും. ഇക്കാരണത്താൽ ഏതായാലും ഇത്തരമൊരു സംയുക്ത സംഘടന നിലവിൽവരികയുണ്ടായില്ല. ഈ ദീർഘദൃഷ്ടി യഥാർഥത്തിൽ മൗലാനാ മൗദൂദിയുടേതാണ്. ഏതെങ്കിലും വിഷയങ്ങളിൽ പ്രസ്ഥാനങ്ങൾ ഒരേ നിലപാട് സ്വീകരിക്കുകയും അത് പ്രകടിപ്പിക്കുകയും ചെയ്യുന്നത് ഇതിനെതിരല്ല. അതിന് പറ്റിയ വേദികൾ വേറെയുണ്ടുതാനും. ഈ ഉദ്ദേശ്യാർഥം ഇവയുടെ പരിപാടികളിൽ ഇസ്‌ലാമിക പ്രസ്ഥാന നേതാക്കൾ പങ്കെടുത്തുവരുന്നുമുണ്ട്. പരസ്പര സൗഹാർദം വളർത്താനുള്ള ശ്രമങ്ങളും നടക്കുന്നു. ആഗോള ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഗുണകരമായ നിലപാടാണിത്.

ഈജിപ്ഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് ക്ഷണിച്ചതനുസരിച്ച് 1982-ൽ ഞങ്ങൾ അദ്ദേഹവുമായി കയ്റോയിൽവെച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായി. അന്ന് ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞു: "രാഷ്ട്രനേതൃത്വവും ഇസ്‌ലാമിക പ്രസ്ഥാനവും തമ്മിൽ ഏറ്റുമുട്ടുന്നതിനു പകരം പരസ്പരം അറിയിക്കലിന്റെയും മനസ്സിലാക്കലിന്റെയും മാർഗം സ്വീകരിക്കലാണ് മുസ്‌ലിം സമൂഹത്തിന് ഗുണകരം. പരസ്പരം സഹകരിക്കാൻ കഴിയില്ലെങ്കിൽ ഓരോ വിഭാഗവും മറുവിഭാഗത്തിന്റെ നിലപാട് നന്നായി മനസ്സിലാക്കി സഹവർത്തിക്കുകയെങ്കിലും വേണം."

1980-കളിൽ ലിബിയയിൽ ഇഖ്‌വാനെ നിരോധിച്ചിട്ടുണ്ടായിരുന്നില്ല. ഡോ. ശഫീഖ്, പ്രസിഡന്റ് ഖദ്ദാഫിയുടെ കാബിനറ്റിൽ അംഗവും ഡോ. മുഹമ്മദ് യൂസുഫ് ഓഡിറ്റർ ജനറലുമായിരുന്നു. അവർ മുഖേന ലിബിയയുടെ സാമ്പത്തിക ഉപദേഷ്ടാവാകാനുള്ള ക്ഷണം എനിക്ക് ലഭിച്ചെങ്കിലും ഞാൻ അത് നിരസിക്കുകയായിരുന്നു. അധികം താമസിയാതെ ലിബിയയിലെ സ്വേഛാധിപത്യ ഭരണകൂടവും ഇഖ്‌വാനും വഴിപിരിയുകയും ചെയ്തു. ഇപ്രകാരം സുഊദി അറേബ്യൻ അധികൃതരുമായി ഇഖ്‌വാന്റെ കാര്യത്തിൽ പല പ്രാവശ്യം ചർച്ച നടക്കുകയുണ്ടായി. ജോർദാനിലെ പ്രിൻസ് ഹസൻ ബിൻ ത്വലാലുമായി ഞാൻ നടത്തിയ സംഭാഷണങ്ങളിലും ഇഖ്‌വാനോടുള്ള സമീപനം ചർച്ചാവിധേയമാക്കിയിരുന്നു. ഈ ചർച്ചകളിലൊന്നിലും ഇഖ്‌വാന്റെ അഭിമാനവും ആദരണീയതയും അടിയറവെച്ചുകൊണ്ടുള്ള അനുരഞ്ജനത്തിന്റെ വഴി ഞങ്ങൾ തെരഞ്ഞെടുത്തിട്ടില്ല. ഗുണകാംക്ഷ മാത്രമായിരുന്നു അത്തരം നീക്കങ്ങൾക്കു പിന്നിൽ.

1990-ൽ ഇറാഖ് കുവൈത്ത് പിടിച്ചടക്കിയപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ഇസ്‌ലാമിക പ്രസ്ഥാന നേതാക്കൾ അറബ്‌ലോകത്ത് പര്യടനം നടത്തുകയുണ്ടായി. ഖാദി ഹുസൈൻ അഹ്മദ്, ഡോ. നജ്മുദ്ദീൻ അർബകാൻ, ഡോ. ഹസൻ തുറാബി, ജോർദാനിലെ ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതാവ് അബ്ദുർറഹ്മാൻ ഖലീഫ തുടങ്ങിയവർ ഉൾപ്പെട്ട ആ പ്രതിനിധി സംഘത്തിൽ ഞാനുമുണ്ടായിരുന്നു. ഇറാഖ്, ജോർദാൻ, സുഊദി അറേബ്യ, ഇറാൻ എന്നീ രാജ്യങ്ങളെല്ലാം ഞങ്ങൾ സന്ദർശിച്ചു. അവിടങ്ങളിലെ ഉന്നത നേതാക്കളുമായി ചർച്ച നടത്തി. സദ്ദാം ഹുസൈനുമായും ഞങ്ങൾ സംസാരിച്ചു. ഖാദി ഹുസൈൻ സാഹിബ് സദ്ദാം ഹുസൈനോട് വളരെ വ്യക്തമായി പറഞ്ഞു: "താങ്കൾക്കു മേൽ യുദ്ധം അടിച്ചേൽപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ ചർച്ചകളിലൂടെ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കണം. കുവൈത്ത് പിടിച്ചടക്കിയത് ധാർമികമായും യുക്തിപരമായും തികഞ്ഞ വങ്കത്തമായിപ്പോയി."

ഇറാഖിൽ തടവിൽ കഴിഞ്ഞിരുന്ന ഇഖ്‌വാൻ പ്രവർത്തകരുടെ മോചനത്തെ കുറിച്ച് ഇറാഖീ വൈസ് പ്രസിഡന്റുമായി

സംസാരിച്ചെങ്കിലും അദ്ദേഹം വ്യക്തമായൊന്നും പറഞ്ഞില്ല.

### ജിഹാദിനെ കുറിച്ച വീക്ഷണം

ജിഹാദ് ഇന്ന് വ്യാപകമായ തോതിൽ തെറ്റിദ്ധരിപ്പിക്കപ്പെടുന്നുണ്ട്. സ്വേഛാധിപത്യ, സാമ്രാജ്യത്വ, ദൈവേതര ശക്തികളെ നേരിടലാണ് ജിഹാദ് എന്ന് ഹസനുൽ ബന്നാ തന്റെ പ്രബോധനത്തിന്റെ ആരംഭത്തിൽതന്നെ വ്യക്തമാക്കിയതാണ്. *അൽ ജിഹാദു ഫിൽ ഇസ്‌ലാം* എന്ന ഏറെ ശ്രദ്ധേയമായ ഗ്രന്ഥത്തിലൂടെ മൗലാനാ മൗദൂദിയും ജിഹാദിനെ കുറിച്ച ശരിയായ വീക്ഷണം സമർപ്പിക്കുകയുണ്ടായി. ഫലസ്ത്വീനെ സയണിസ്റ്റുകളുടെ പിടിയിൽനിന്ന് മോചിപ്പിക്കാൻ മുസ്‌ലിംകളെ കർമപരമായി ജിഹാദിന് തയാറാക്കുക കൂടി ചെയ്തു ശഹീദ് ഹസനുൽ ബന്നാ. രാഷ്ട്രീയാടിമത്തത്തിലും സാമ്പത്തിക വിധേയത്വത്തിലും ധാർമികാധഃപതനത്തിലും ചിന്താ ഭീതിയിലുമകപ്പെട്ട മുസ്‌ലിം സമൂഹത്തിന് അല്ലാമാ മുഹമ്മദ് ഇഖ്ബാൽ, ശഹീദ് ഹസനുൽ ബന്നാ, മൗലാനാ മൗദൂദി എന്നിവർ ഈമാന്റെയും ദൃഢനിശ്ചയത്തിന്റെയും പ്രതീക്ഷയുടെയും ആത്മവിശ്വാസത്തിന്റെയും വഴി കാണിച്ചു കൊടുത്തത് ഇപ്രകാരമായിരുന്നു.

മതത്തെയും രാഷ്ട്രീയത്തെയും വേർപ്പെടുത്താനുള്ള പരസ്യമായ ശ്രമം ആദ്യമുണ്ടായ മുസ്‌ലിം രാജ്യം ഈജിപ്ത് ആണ്. മൗലാനാ അബുൽ കലാം ആസാദ്, അല്ലാമാ ഇഖ്ബാൽ, മൗലാനാ മൗദൂദി എന്നിവരുടെ ധൈഷണിക സേവനത്തിന്റെ കരുത്തുകൊണ്ട് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ അത്തരം ശ്രമങ്ങളുണ്ടാവുകയോ വേരുപിടിക്കുകയോ ചെയ്തില്ല. ഖിലാഫത്ത് സ്ഥാപിക്കേണ്ടതില്ലെന്നും മതം, രാഷ്ട്രീയം എന്ന വിഭജനം സാധ്യമാണെന്നു മാത്രമല്ല ചില സാഹചര്യങ്ങളിൽ അത് ആവശ്യവുമാണെന്നും വാദിച്ച് ഈജിപ്തിൽ അലി അബ്ദുർറസ്സാഖ് (മരണം 1966) രംഗത്തു വരികയുണ്ടായി. ഈ വെല്ലുവിളിയെ ചിന്താപരമായും കർമപരമായും ഇമാം ഹസനുൽ ബന്നാ നേരിട്ടു. ഇസ്‌ലാം ഒരു രാഷ്ട്രത്തിന്റെയും ഭരണ വ്യവസ്ഥയുടെയും സമൂഹത്തിന്റെയും രൂപവത്കരണം വിഭാവന ചെയ്യുന്നുണ്ടെന്ന് അദ്ദേഹം സമർഥിച്ചു. ഇന്ന് ലോകത്തുടനീളമുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മുഴുവൻ ഇതിനോട് യോജിക്കുന്നു.

### നയവും പ്രതിസന്ധിയും

ഒരു സജീവ പ്രസ്ഥാനം എന്ന നിലയിൽ ചില ആഭ്യന്തര പ്രതിസന്ധികളും ഇഖ്‌വാന് നേരിടേണ്ടിവന്നിട്ടുണ്ട്. ഇഖ്‌വാനുമായി ബന്ധമുണ്ടായിരുന്ന ചിലർ പിൽക്കാലത്ത് വേറിട്ടുപോയി തങ്ങളുടേതായ ചില വീക്ഷണങ്ങൾ ഉയർത്തിപ്പിടിച്ചു. വേറിട്ടു പോയ ശേഷമുള്ള അവരുടെ വീക്ഷണങ്ങൾക്കും കർമങ്ങൾക്കും ഉത്തരവാദികൾ അവർ മാത്രമാണ്. ഇഖ്‌വാന്നോ ഹസനുൽ ബന്നാക്കോ അതിൽ ഉത്തരവാദിത്വമില്ല.

ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ മുഖ്യധാര ഭരണകൂട മർദനങ്ങളെ സമാധാനപൂർവമാണ് നേരിട്ടത്. തങ്ങളുടെ സന്തുലിതവും ശരിയായതുമായ പ്രവർത്തന മാർഗം ഒരിക്കലും അവർ ഉപേക്ഷിച്ചില്ല. ഹസനുൽ ബന്നാ നൽകിയ തർബിയത്തിന്റെ മികവാണിത്. ഏറെ പ്രകോപനപരമായ സാഹചര്യങ്ങളെ എല്ലാം അല്ലാഹുവിലർപ്പിച്ച് നേരിട്ട മൗലാനാ മൗദൂദിയിലും ഈ അവസ്ഥ നമുക്കു കാണാം.

കടുത്ത പ്രതികരണ നടപടികളുമായി രംഗത്തു വന്ന ചിലർ ഇഖ്‌വാനുമായുള്ള ബന്ധം വിഛേദിച്ച് തങ്ങളുടെ അവിവേകം കൊണ്ട് ഏകാധിപത്യ ഭരണകൂടത്തെ ശക്തി ഉപയോഗിച്ച് നേരിടാൻ മുതിരുകയുണ്ടായി. കടുത്ത മർദന പീഡനങ്ങളുടെ കാളരാത്രികളായിരുന്നു ഇതിന്റെ അനന്തരഫലം. മാറ്റത്തിന്റെ സാധ്യതകൾ വളരെ പരിമിതമാവുകയും ചെയ്തു. ഇതിന്റെ നേർ വിപരീതമായി മറ്റു ചിലർ അധികാര ശക്തികളോടൊത്തു ചേർന്ന് പോവുകയാണ് വേണ്ടതെന്ന നിലപാടിലാണ് എത്തിയത്. അക്കൂട്ടത്തിൽ ചിലർ ജമാൽ അബ്ദുന്നാസിറുമായും മറ്റു ചിലർ അൻവർ സാദാത്തുമായും സഹകരിച്ച് മുന്നോട്ടു പോവുക പോലും ചെയ്തു. പക്ഷേ, അവരുടെ പ്രതീക്ഷകൾ പൂവണിഞ്ഞില്ല; അവരുടെ വില കെട്ടു പോവുകയാണുണ്ടായത്.

വിവേകവും പൊതു നന്മയും ഖുർആനിലെ രണ്ട് തത്ത്വങ്ങളാണ്. ഇവ രണ്ടിന്റെയും വിവക്ഷ പ്രവാചക ജീവിതമാതൃകയിൽനിന്ന് വ്യക്തമാണ്. ഏതു സാഹചര്യത്തിലും ഏത് കാലഘട്ടത്തിലും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇവ രണ്ടും തങ്ങളുടെ പോളിസിയുടെ ഭാഗമാക്കേണ്ടതുണ്ട്. അങ്ങനെ തെരഞ്ഞെടുക്കുന്ന മാർഗത്തിലും പിഴവുകൾ പറ്റാം. ഇജ്തിഹാദിൽ പിഴവ് പറ്റിയാൽ പോലും ഒരു പ്രതിഫലമുണ്ടെന്നും അത് ശരിയായാൽ രണ്ടു പ്രതിഫലമുണ്ടെന്നും നബി(സ) പഠിപ്പിച്ചിട്ടുണ്ട്. ഇതിൽ എല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും വലിയ പാഠമുണ്ട്.

### വൈജ്ഞാനിക സംഭാവനകൾ

ഹസനുൽ ബന്നായും സുഹൃത്തുക്കളും പറയത്തക്ക വൈജ്ഞാനിക സംഭാവനകളൊന്നും നൽകിയിട്ടില്ലെന്ന ധാരണ ചിലർക്കുണ്ട്. വസ്തുതകൾ അറിയാത്തതുകൊണ്ടാണിത്. ശഹീദ് ഹസനുൽ ബന്നാ വലിയ ഗ്രന്ഥങ്ങൾ രചിച്ചിട്ടില്ലെന്നതു ശരി തന്നെ. അദ്ദേഹത്തിന്റെ 20 ലേഖനങ്ങളും ധാരാളം പ്രസംഗങ്ങളുമുണ്ട്. ചെറുതെങ്കിലും അദ്ദേഹത്തിന്റെ ലേഖനങ്ങൾ അഗാധ ചിന്തയും വിവേകപൂർവമായ മാർഗദർശനവുമടങ്ങിയവയാണ്. ഖുർആനിലും പ്രവാചക ചരിത്രത്തിലുമുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മ ജ്ഞാനവും തന്റെ കാലഘട്ടത്തിന്റെ സവിശേഷതകളെ കുറിച്ച അവബോധവും അവയിൽ പ്രകടമാണ്.

നമുക്കിടയിലെ വൈജ്ഞാനിക പ്രവർത്തനത്തിന്റെ സിംഹഭാഗവും മൗലാനാ മൗദൂദിയുടെ ചിന്തയുടെയും ഗവേഷണത്തിന്റെയും ഫലമാണ്, എന്നാൽ ഇഖ്‌വാന്റെ കാര്യമെടുത്താൽ ഒരു സംഘം മുഴുവൻ ഈ ദൗത്യം നിർവഹിച്ചതായി കാണാം. ഇസ്‌ലാമിക നിയമസംബന്ധമായി അബ്ദുൽ ഖാദിർ ഔദ രചിച്ച ഗ്രന്ഥം ഇരുപതാം നൂറ്റാണ്ടിലെ മികച്ച സംഭാവനകളിലൊന്നാണ്. ശഹീദ് സയ്യിദ് ഖുത്വ്ബിന്റെ *ഫീ ളിലാലിൽ ഖുർആൻ, ഇസ്‌ലാമിലെ സാമൂഹിക നീതി, വഴിയടയാളങ്ങൾ* തുടങ്ങിയവ ചിന്താവിപ്ലവം സൃഷ്ടിക്കുന്ന കൃതികളാണ്. *സുന്നത്തും ഇസ്‌ലാമിക നിയമനിർമാണത്തിൽ അതിന്റെ സ്ഥാനവും, യുദ്ധവും സമാധാനവും ഇസ്‌ലാമിൽ, സ്ത്രീ കർമശാസ്ത്രത്തിനും നിയമത്തിനും മധ്യേ, ഓറിയന്റലിസവും ഓറിയന്റലിസ്റ്റുകളും, ഇസ്‌ലാമിക നിയമനിർമാണത്തിലെ ഇലാസ്തികതയും വികാസവും* എന്നിങ്ങനെ സുപ്രധാനമായ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട് ഡോ. മുസ്ത്വഫസ്സിബാഈ. അദ്ദേഹത്തിന്റെ ചില വീക്ഷണങ്ങളോട് വിയോജിപ്പുണ്ടെന്നുമാത്രം. മുഹമ്മദുൽ ഗസാലി, ബഹീ അൽ ഖൂലി, മുഹമ്മദ് മഹ്മൂദ് സ്വവ്വാഫ്, അബ്ദുൽ ബദീഅ് സ്വഖ്ർ, മുഹമ്മദ് അഹ്മദ് അബൂശിഖ, ഡോ. സയ്യിദ് സാബിഖ്, ഡോ. അബ്ദുൽ അസീസ് കാമിൽ, ഡോ. ഈസാ അബ്ദു ഇബ്റാഹീം, ഡോ. മുഹമ്മദുൽ മുബാറക്, ഡോ. സഈദ് ഹവാ, അബ്ദുൽകരീം സൈദാൻ, ഡോ. ജമാൽ അത്വിയ്യഃ, ഡോ. യൂസുഫുൽ ഖറദാവി, ഡോ. തൗഫീഖ് ശാവി, പ്രഫ. മുസ്ത്വഫാ അഹ്മദ് സർഖാ, പ്രഫ. മുഹമ്മദ് ഖുത്വ്ബ്, പ്രഫ. അബ്ദുൽ ഹകീം ആബിദീൻ, ഡോ. മാലിക് ബദ്‌രീ തുടങ്ങിയവരും ഈ ഗണത്തിൽ പെടുന്നു.

പത്രപ്രവർത്തന രംഗത്തും ഇഖ്‌വാന്റെ സാന്നിധ്യവും മുന്നേറ്റവും എടുത്തു പറയേണ്ടതാണ്. അറബി, ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷകളിലായി ഡസൻ കണക്കിന് പത്ര പ്രസിദ്ധീകരണങ്ങൾ ഇഖ്‌വാന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങുന്നു. പേരും ശൈലിയും പ്രസിദ്ധീകരണ സ്ഥലവും മാറ്റിയാണ് അവ നിരോധനങ്ങളെയും വിലക്കുകളെയും മറികടക്കുന്നത്. വൈജ്ഞാനിക ഗവേഷണ മാഗസിനുകളിലും ഇഖ്‌വാന്റെ സ്വാധീനം പ്രകടമാണ്.

## നമ്മുടെ ബാധ്യത

ജമാഅത്തെ ഇസ്‌ലാമിക്കും ഇഖ്‌വാനുൽ മുസ്‌ലിമൂനുമെതിരെ ഇന്ന് രൂക്ഷമായ ദുഷ്പ്രചാരണം നടക്കുന്നുണ്ട്. രണ്ട് പ്രസ്ഥാനങ്ങളെയും ഭീകരതയുമായി ബന്ധപ്പെടുത്തി ആക്ഷേപിക്കുന്നവർ പോലുമുണ്ട്. പടിഞ്ഞാറിന്റെ സാംസ്കാരികവും ബൗദ്ധികവും ചിന്താപരവും സാമ്പത്തികവുമായ മേധാവിത്വത്തെ അംഗീകരിക്കാൻ വിസമ്മതിക്കുന്നതാണ് ഇതിനു കാരണം. ഈ കുപ്രചാരണത്തിനു മുമ്പിൽ ചിലർ നിരാശരായിപ്പോകുന്നുണ്ട്. അത് അസ്ഥാനത്താണ്. കണ്ണും ബുദ്ധിയും തുറന്ന് കാര്യങ്ങൾ വിലയിരുത്തുകയും വസ്തുതകൾ മനസ്സിലാക്കുകയുമാണ് വേണ്ടത്.

മൗലാനാ മൗദൂദിക്കും ഹസനുൽ ബന്നാക്കും സയ്യിദ് ഖുത്ബിനുമെതിരായ ദുഷ്പ്രചാരണത്തിന്റെ ചിന്താപരവും മതപരവും കർമപരവുമായ അടിത്തറകൾ മനസ്സിലാക്കേണ്ടതുണ്ട്. സയ്യിദ് ഖുത്ബിന്റെയും മൗലാനാ മൗദൂദിയുടെയും ചിന്തകളെ അവയുടെ ശരിയായ പശ്ചാത്തലത്തിൽ അവതരിപ്പിക്കേണ്ടത് വളരെ അനിവാര്യമാണ്. ഉപരിപ്ലവവും വൈകാരികവുമായല്ല; ബൗദ്ധികവും താത്വികവുമായാണ് അവയെ മനസ്സിലാക്കുകയും സമർപ്പിക്കുകയും ചെയ്യേണ്ടത്.

തികഞ്ഞ ഉൾക്കാഴ്ചയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയും മുസ്‌ലിം യുവാക്കളെ ശരിയായ മാർഗത്തിൽ ഉറപ്പിച്ചു നിർത്തുകയുമാണ് ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി. കടുത്ത സമ്മർദങ്ങളുടെ ഫലമായി ഏതെങ്കിലും യുവാവ് തിരിച്ചടിയുടെ മാർഗത്തിലേക്ക് തിരിയുകയാണെങ്കിൽ പടിഞ്ഞാറിന്റെ പക്ഷപാതത്തോടും അക്രമത്തോടും അനീതിയോടുമുള്ള പ്രതികരണം അയാളെ കൂടുതൽ ഹിംസാത്മകമായ മാർഗങ്ങളിലെത്തിക്കാനിടയുണ്ട്. ആ മാർഗം അടിസ്ഥാനപരമായി ചീത്തയും അനാവശ്യവുമാണ്. സയ്യിദ് ഖുത്ബിന്റെയും മൗലാനാ മൗദൂദിയുടെയും അടിസ്ഥാന ചിന്താപദ്ധതി മനസ്സിലാക്കുന്നവർ തെളിവിന്റെയും യുക്തിയുടെയും കരുത്ത് കൊണ്ടും സ്വഭാവ മഹിമകൊണ്ടും പ്രബോധനത്തിന്റെയും വിവേകത്തിന്റെയും ശക്തികൊണ്ടുമാണ് അക്രമത്തെ നേരിടുക. അതിന് അവരിരുവരുടെയും ചിന്താപദ്ധതിയുമായും സംഘടനാ വ്യവസ്ഥയുമായും ബന്ധമുണ്ടായിരിക്കേണ്ടതുണ്ട്.

അക്രമത്തിന്റെ ഏതു രൂപവും യഥാർഥ ഇസ്‌ലാമിക പ്രസ്ഥാനത്തിനും ഇസ്‌ലാമിക നവോത്ഥാനത്തിനും വലിയ അപകടമാണ്. പക്ഷേ, സ്വാതന്ത്ര്യ പോരാട്ടങ്ങളെയും അധിനിവേശവിരുദ്ധ ചെറുത്തുനിൽപുകളെയും ഈ ഗണത്തിൽ പെടുത്താൻ കഴിയില്ല. മാനവരാശിയുടെ കാരുണ്യ വ്യവസ്ഥയാണ് ഇസ്‌ലാം. ലോകർക്കാകമാനമുള്ള കാരുണ്യദൂതനാണ് മുഹമ്മദ് നബി(സ). ഒരു അക്രമിയുടെ അക്രമത്തിനുള്ള ശിക്ഷ നിരപരാധികളായ മറ്റുള്ളവർക്ക് നൽകുന്നത് ഇസ്‌ലാമിനെ മുറുകെപ്പിടിക്കുന്നവർക്ക് അംഗീകരിക്കാൻ കഴിയില്ല. ചെറുത്തുനിൽപിന്റെ മാർഗം തെരഞ്ഞെടുക്കേണ്ട ഘട്ടം വന്നാൽ പോലും പ്രവാചക മാതൃകയുടെ അടിസ്ഥാനത്തിലായിരിക്കണം അത് നടപ്പാക്കേണ്ടത്. അതല്ലാത്ത ഏതു മാർഗവും, അതിന് എന്തെല്ലാം ന്യായീകരണങ്ങളുന്നയിച്ചാലും പ്രവാചക മാതൃകക്ക് വിരുദ്ധമായിരിക്കും. ജിഹാദിനും പ്രതികാര ഹിംസക്കുമിടയിൽ വലിയ ഭിന്നതയുണ്ടെന്ന് നന്നായി മനസ്സിലാക്കേണ്ടതുണ്ട്. നാം ശത്രുക്കളുടെ കളികളുടെ ഭാഗമായിക്കൂടാ. ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനത്തിനുമെതിരായ തെറ്റുധാരണകൾക്ക് അത് വഴിവെക്കും. മനുഷ്യരെ നന്മയിലേക്ക് ക്ഷണിക്കാനും ജനങ്ങൾക്കു മുമ്പിലെ സത്യസാക്ഷികൾ എന്ന നിലയിലുള്ള ഉത്തരവാദിത്വം നിർവഹിക്കാനുമായിരിക്കണം നാം ശ്രമിക്കേണ്ടത്. ഇസ്‌ലാമിന്റെ പ്രബോധനത്തിനും തർബിയത്തിനും തനിമക്കും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വ്യതിരിക്ത സ്വഭാവത്തിനും ഹാനി വരാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.

ഇതുതന്നെയാണ് ശഹീദ് ഹസനുൽ ബന്നായുടെയും മൗലാനാ മൗദൂദിയുടെയും പ്രബോധനവും സന്ദേശവും. ■